# President of Maldives Calls on the President

August 02, 2022

## മാലിദ്വീപ് പ്രസിഡന്റ് രാഷ്ട്രപതിയെ സന്ദർശിക്കുന്നു

ഓഗസ്റ്റ് 02, 2022

റിപ്പബ്ലിക് ഓഫ് മാലിദ്വീപ് പ്രസിഡന്റ് ഇബ്രാഹിം മുഹമ്മദ് സോലിഹ് ഇന്ത്യൻ രാഷ്ട്രപതിയായ ശ്രീമതി ദ്രൗപതി മുർമുവിനെ ഇന്ന് രാഷ്ട്രപതി ഭവനിൽ സന്ദർശിച്ചു.

രാഷ്ട്രപതി ഭവനിൽ പ്രസിഡന്റ് സോലിഹിനെ സ്വാഗതം ചെയ്ത രാഷ്ട്രപതി, ഇന്ത്യയുടെ അടുത്ത സുഹൃത്തിനെയും മാലിദ്വീപ് സുസ്ഥിരവും സമ്പന്നവുമായ രാഷ്ട്രമായി ഉയർത്തിക്കൊണ്ട് വരുന്നതിനു നേതൃത്വം വഹിച്ച ഒരു പ്രമുഖ നേതാവിനെയും സ്വീകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് അഭിപ്രായപ്പെട്ടു.

ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ ഇന്ത്യയുടെ പ്രധാന പങ്കാളിയും അടുത്ത സുഹൃത്തുമാണ് മാലിദ്വീപെന്ന് രാഷ്ട്രപതി പറഞ്ഞു. ഇരു രാജ്യങ്ങളിലെയും ജനങ്ങൾ നൂറ്റാണ്ടുകളായി ശക്തമായ സാംസ്കാരിക, സാമ്പത്തിക, വ്യാപാര ബന്ധം ആസ്വദിച്ചു വരുന്നു. ഇന്ത്യയുടെ 'അയൽരാജ്യത്തിനു മുൻഗണന' എന്ന നയത്തിൽ മാലിദ്വീപിന് പ്രത്യേക സ്ഥാനമുണ്ട്. ഇന്ത്യയുടെ ആവശ്യാധിഷ്ഠിത സാമ്പത്തിക, വികസന സഹായങ്ങൾ മാലിദ്വീപ് ഗവൺമെന്റിന്റെ വികസന മുൻഗണനകളെ പിന്തുണയ്ക്കുന്നുവെന്നതിൽ അവർ സന്തോഷമറിയിച്ചു.

ഇന്ത്യ-മാലിദ്വീപ് വികസന സഹകരണം, പ്രതിരോധ-സുരക്ഷാ സംരംഭങ്ങൾ, സാമ്പത്തിക ബന്ധങ്ങൾ, ജനങ്ങളുമായുള്ള സമ്പർക്കം എന്നിവയുടെ ദ്രുതഗതിയിലുള്ള വിപുലീകരണവും മാലിദ്വീപിലെ സർക്കാരുമായും ജനങ്ങളുമായും ഇന്ത്യയുടെ ബന്ധത്തിന് ശുഭപ്രതീക്ഷ നൽകുന്നതായി രാഷ്ട്രപതി പറഞ്ഞു. കോവിഡ്-19 പൊട്ടിപ്പുറപ്പെട്ട സമയത്ത് മാലിദ്വീപിലെ സർക്കാരിന്റെയും ജനങ്ങളുടെയും ധൈര്യത്തെയും സ്ഥിരോത്സാഹത്തെയും അവർ അഭിനന്ദിച്ചു. മഹാമാരിയുടെ സമയത്ത് ഇന്ത്യ-മാലദ്വീപ് സഹകരണം മുഴുവൻ മേഖലയ്ക്കും മാതൃകയായി പ്രശംസിക്കപ്പെട്ടുവെന്നതിൽ അവർ സന്തോഷിച്ചു.

ഇന്ത്യ-മാലിദ്വീപ് പങ്കാളിത്തത്തിലെ പ്രധാന സ്തംഭമായി നൈപുണ്യ വികസനം ഉയർന്നുവന്നിട്ടുണ്ടെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ഈ സന്ദർശന വേളയിൽ ഒപ്പുവച്ച ധാരണാപത്രങ്ങൾ മാലിദ്വീപിലെ നൈപുണ്യ വികസന സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അവർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**ന്യൂ ഡെൽഹി**

**ഓഗസ്റ്റ് 02, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.